പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2165

04/11/2019 ൽ മറുപടി നല്കേണ്ടത്.

# ഭക്ഷ്യസുരക്ഷാ പരിശോധന കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ**<br>**,, കെ.സുരേഷ് കുറുപ്പ്**<br>**,, എം. നൗഷാദ്**<br>**,, കെ. ആൻസലൻ** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാശിശുവികസനവും വകുപ്പ് മന്ത്രി) |
| എ ) ഭക്ഷ്യസുരക്ഷാ സൂചികയിൽ സംസ്ഥാനത്തിന് മികവ് കൈവരിക്കാനായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | എ) ഭക്ഷ്യസുരക്ഷാ സൂചികയിൽ സംസ്ഥാനത്തിന് മികവ് കൈവരിക്കാനായിട്ടുണ്ട്. |
| ബി) സംസ്ഥാനത്തെ പൊതു വിപണിയിൽ ജൈവരീതിയിൽ ഉല്പാദിപ്പിച്ചതെന്ന പേരിൽ ലഭിക്കുന്ന വയുൾപ്പെടെയുള്ള പച്ചക്കറികളിലും പഴങ്ങളിലും കീടനാശിനികളുടെയും ആരോഗ്യത്തിനു ഹാനികരമായ രാസസംരക്ഷണോപാധികളുടെയും സാന്നിധ്യമുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധന ശക്തിപ്പെടുത്താൻ നടപടിയെടുക്കുമോ; വ്യക്തമാക്കാമോ; | ബി) ജൈവരീതിയിൽ ഉത്പാദിപ്പിച്ചതെന്ന പേരിൽ വിപണിയിൽ ലഭ്യമായ പച്ചക്കറി, പഴങ്ങൾ തുടങ്ങിയവയുടെ സാമ്പിളുകൾ ശേഖരിക്കുകയും പരിശോധനയ്ക്കു വിധേയമാക്കുകയും ചെയ്തിട്ടുണ്ട് ആയതിൽ ക്യാരറ്റിലും കാശ്മീരിചില്ലിയിലും മാത്രമാണ് കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ളത്. എന്നിരുന്നാലും പച്ചക്കറികളിലേയും പഴങ്ങളിലേയും കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനുള്ള പരിശോധനകൾ തുടർന്നു വരികയാണ്. |
| സി) ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ മാതൃക പഞ്ചായത്ത് പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; | സി) കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണിത്. 2016-17 ൽ 50 ഗ്രാമപഞ്ചായത്തുകളിലും 2017-18 ൽ 100 ഗ്രാമ പഞ്ചായത്തുകളിലും 2018- 19 ൽ 120 ഗ്രാമപഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കി. നടപ്പ് സാമ്പത്തികവർഷം 126 ഗ്രാമ പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. ഗ്രാമപഞ്ചായത്തുകളിലെ ഭക്ഷണ ഉത്പാദന, വിതരണവുമായി ബന്ധപ്പെട്ട എല്ലാവർക്കും ഭക്ഷ്യസുരക്ഷാഗുണനിലവാര നിയമം അനുശാസിക്കുന്ന |

തരത്തിലുള്ള ലൈസൻസ്/ രജിസ്ട്രേഷൻ ഉറപ്പാക്കുക.

2. മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ സഹായത്തോടെ ഗ്രാമപഞ്ചായത്തുകളിലെ പൊതു ടാപ്പുകളിലെയും പൊതു കിണറുകളിലെയും വെള്ളത്തിന്റെ ഗുണനിലവാരം ലാബുകളിൽ പ രിശോധിച്ച് ഉറപ്പ് വരുത്തുക.

3. സ്കൂളുകൾ, കോളേജുകൾ, ഹോട്ടലുകൾ, ക്യാന്റീനുകൾ, വീടുകൾ എന്നിവിടങ്ങളിലെ കുടിവെള്ളം പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുക.

4. ഗ്രാമപഞ്ചായത്തുകളിലെ ചെറുകിട, വൻകിട ഭക്ഷ്യ വ്യാപാരികൾ, ഹോട്ടലുകൾ, ക്യാന്റീനുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ, അംഗൻവാടി ജീവനക്കാർ, റസിഡന്റ്സ് അസോസിയേഷൻ അംഗങ്ങൾ എന്നിവർക്ക് സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണരീതികളെ ക്കുറിച്ച് വിദഗ്ധരുടെ ക്ലാസുകൾ നടത്തുക.

| | |
|---|---|
| ഡി) സംസ്ഥാനത്ത് നടത്തിയ പരിശോധനയിൽ നക്ഷത്ര പദവിയുള്ള ഹോട്ടലുകളിൽ പോലും ഭക്ഷ്യയോഗ്യമല്ലാത്ത ആഹാര പദാർത്ഥങ്ങൾ കണ്ടെത്തിയ സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ പരിശോധന കൂടുതൽ കാര്യക്ഷമമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) നക്ഷത്ര പദവിയുള്ള ഹോട്ടലുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ പരിശോധിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ